# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 360 10.04.2013 ലെ മറുപടിക്ക്

## ജോബ് പോർട്ടൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ:<br>ഡോ. കെ. ടി. ജലീൽ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. എ. എം. ആരിഫ്: | | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ നോർക്കയുടെ കീഴിൽ ആരംഭിച്ച ജോബ് പോർട്ടലിന്റെ സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | തൊഴിൽ ദായകരുടെയും തൊഴിലന്വേഷകരുടെയും ഒരു ഓൺലൈൻ പൊതു വേദിയാണ് www.jobsnorka.gov.in എന്ന വെബ്സൈറ്റ് (ജോബ് പോർട്ടൽ). വിദേശ തൊഴിലന്വേഷകരുടെ കുടിയേറ്റ ചെലവ് കുറയ്ക്കുക, സുരക്ഷിതമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. ഓൺലൈനിലൂടെ പട്ടികയിലുള്ള തൊഴിലവസരങ്ങൾ പരിശോധിച്ച് അപേക്ഷിക്കാനും തൊഴിൽ ദാതാക്കളുമായി ബന്ധപ്പെടുന്നതിനും, പേര് രജിസ്റ്റർ ചെയ്യാനും ഇത് അവസരം ഒരുക്കുന്നു. കൺസ്ട്രക്ഷൻ, ബാങ്കിങ്, ഓയിൽ & ഗ്യാസ്, ഐടി - സോഫ്റ്റ്‌വെയർ & ഹാർഡ്‌വെയർ, ഹോസ്പിറ്റാലിറ്റി, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, ടെലികോം, പെട്രോ കെമിക്കൽസ്, ലോജിസ്റ്റിക്സ് തുടങ്ങിയ വ്യാവസായിക മേഖലകളിൽ നിന്ന് തൊഴിൽ ദായകർക്ക് വ്യത്യസ്തതയാർന്ന അടിസ്ഥാന |

| | | |
|---|---|---|
| | | വിവരങ്ങൾ ഉൾപ്പെടുന്ന ബയോഡേറ്റകൾ ലഭ്യമാക്കുന്നതിനും ഈ പോർട്ടൽ ഉപകരിക്കും. |
| (ബി) എത്ര ഉദ്യോഗാർത്ഥികൾക്ക് ഇതിനകം വിദേശത്ത് തൊഴിൽ ലഭ്യമാക്കാൻ പ്രസ്തുത പദ്ധതി മുഖേന സാധിച്ചു; | (ബി) | ജോബ്പോർട്ടലിലൂടെ തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഇടനിലക്കാരില്ലാതെ ബന്ധപ്പെടുത്തുകയെന്നതാണ് മുഖ്യമായും ചെയ്തുവരുന്നത്. ജോബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തവരുടെ യോഗ്യതകൾ പരിശോധിച്ച് അവരെ നേരിട്ട് ബന്ധപ്പെട്ട് നിയമനം നൽകുന്നതിനുള്ള തുടർ നടപടികൾ തൊഴിൽ ദാതാക്കൾ തന്നെ ചെയ്തുവരുന്നതിനാൽ എത്രപേർക്ക് ജോബ്പോർട്ടൽ മുഖാന്തിരം തൊഴിൽ ലഭിച്ചുവെന്ന് പ്രത്യേകം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഒരു അംഗീകൃത റിക്രൂട്ട്മെന്റ് ഏജൻസി എന്ന നിലയിൽ നോർക്കാ-റൂട്ട്സിന് ലഭിക്കുന്ന റിക്രൂട്ട്മെന്റ് അവസരങ്ങളിൽ ജോബ്പോർട്ടലിൽ രജിസ്റ്റർ ചെയ്തവരെയും പരിഗണിക്കുന്നുണ്ട്. നോർക്ക-റൂട്ട്സ് മുഖാന്തിരം 19 പേർക്ക് വിദേശത്ത് റിക്രൂട്ട്മെന്റ് നൽകിയിട്ടുണ്ട്. |
| (സി) ഇതിന്റെ പ്രവർത്തനം ഏതെല്ലാം നിലയിൽ വിപുലപ്പെടുത്താൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | നോർക്ക റൂട്ട്സ് ഈ സംവിധാനം ഉപയോഗിക്കുന്നവരുടെ ആവശ്യങ്ങൾ നിരന്തരം വിലയിരുത്തുകയും തൊഴിലന്വേഷണവും നിയമനവും പരമാവധി വർധിപ്പിക്കത്തക്കവിധം സാങ്കേതികവിദ്യ മെച്ചപ്പെടുത്തുകയും ചെയ്യുന്നുണ്ട്. പുതുതായി ആരംഭിച്ച ഈ പദ്ധതി കൂടുതൽ വിപുലപ്പെടുത്തുന്നതിനും ഏറ്റവും ആധുനിക സാങ്കേതികവിദ്യ |

| | | |
|---|---|---|
| | | ഉപയോഗിച്ച് നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഈ ആവശ്യത്തിന് 2012 - 2013 സാമ്പത്തിക വർഷം 25 ലക്ഷം രൂപ അനുവദി ക്കുകയും 2013 -2014 ലെ ബഡ്ജറ്റിൽ 30 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ